11

# യേശു: സകല അനുഗ്രഹങ്ങളുടേയും സ്ഥാനം

മഴയും, സൂര്യപ്രകാശവും, സകല ഭൗതിക അനുഗ്രഹങ്ങളും ദൈവം വിശുദ്ധന്മാർക്കും പാപികൾക്കും നല്കുന്നുണ്ട് (മത്തായി 5:45). നീതിമാന്മാർക്കും ദുഷ്ടന്മാർക്കും അവൻ "ആകാശത്തുനിന്നു മഴയും ഫലപുഷ്ടിയുള്ള കാലങ്ങളും ആഹാരവും സന്തോഷവും [അവരുടെ] ഹൃദയത്തിൽ നല്കി തൃപ്തിപ്പെടുത്തുന്നു" (പ്രവൃത്തികൾ 14:17). എങ്ങനെയായാലും, അതു ആത്മിയകാര്യങ്ങളെ സംബന്ധിച്ചു അങ്ങനെയല്ല. പിതാവിന്റെ ഏക ജാതനായവനിലാണ് എല്ലാ ആത്മിയാനുഗ്രഹങ്ങളും ഉള്ളത് (യോഹന്നാൻ 10:9; 14:6; 15:5; പ്രവൃത്തികൾ 4:12; കൊലൊസ്യർ 1:27). ക്രിസ്തുവിനു പുറത്തു ഒരു ആത്മിയാനുഗ്രഹങ്ങളുമില്ല; എല്ലാം ക്രിസ്തുവിലാണ് കാണപ്പെടുന്നത് (എഫെസ്യർ 1:3).

ക്രിസ്തുവിനു പുറത്തുള്ളവരിൽ അവരുടെ പാപങ്ങളും അകൃത്യങ്ങളും അവർക്കെതിരായി കുറിച്ചിരിക്കുന്നു; എന്നാൽ ഒരാൾ ക്രിസ്തുവിലാകുന്ന നിമിഷം മുതൽ, അയാളുടെ എല്ലാ കഴിഞ്ഞ പാപങ്ങളും ക്ഷമിക്കയും മറക്കുകയും ചെയ്യുന്നു (എബ്രായർ 8:12). യേശുവിനെ അനുസരിക്കുന്നവർക്കല്ലാതെ പുറത്തുനില്കുന്നവർക്കു, സ്വർഗ്ഗത്തിൽ നിന്നുള്ള ആത്മാവു, അവരിൽ വസിപ്പാൻ ലഭിക്കുകയില്ല (യോഹന്നാൻ 14:17; പ്രവൃത്തികൾ 2:38; 5:32; ഗലാത്യർ 4:6).

അവിശ്വാസികൾ അവരുടെ വെളിച്ചത്തിലും അവരുടെ താല്പര്യങ്ങൾക്കു വിശുദ്ധവുമായാണ് നിലകൊള്ളുന്നത്. യേശുവിൽ പ്രവേശിച്ചിരിക്കുന്നവർ പ്രപഞ്ചനിയമങ്ങളോടു യോജിക്കുന്നു. അവർക്ക് സകലവും നന്മക്കായി വ്യാപരിക്കും എന്ന ഒരു വാഗ്ദാനമുണ്ട് (റോമർ 8:28).

ദൈവത്തിൽ വിശ്വസിക്കുന്നവരായാലും, അവർ ക്രിസ്തുവിനു പുറത്താണെങ്കിൽ അവർക്കു "നമ്മുടെ പിതാവേ" എന്നു വിളിച്ചു, പ്രാർത്ഥിപ്പാൻ അവകാശമില്ല. അവർക്കു പറയാവുന്നതു, "നമ്മുടെ സൃഷ്ടികർത്താവേ" എന്നാണ്. അതിനു വിപരീതമായി, ക്രിസ്തുവിലായിത്തീർന്നവരെ പിതാവിന്റെ ഭവനത്തിലേക്കു ദത്തെടുക്കുകയാണ്. പിന്നെ അവർക്കു "അബ്ബാ! പിതാവേ!" എന്നു വിളിക്കാം, ദൈവം അതിൽ പ്രസാ

ദിക്കയും ചെയ്യും (ഗലാത്യർ 4:5–7). അതുപോലെ, ക്രിസ്തുവിനു പുറത്തുള്ളവർക്കു അവർക്കു വേണ്ടി സംസാരിക്കുവാൻ ഒരു ജ്യേഷ്ട സഹോദരൻ ഇല്ല. ദൈവത്തിന്റെ ഭവനത്തിൽ അംഗങ്ങളായവർക്കു, ദൈവഭാഗത്തു കാര്യസ്ഥനായി, പക്ഷവാദം നടത്തുവാൻ യേശു എന്ന മൂത്ത സഹോദരൻ ഉണ്ട് (എബ്രായർ 7:25; 1 യോഹന്നാൻ 2:1, 2).

അ – ക്രൈസ്തവ ബന്ധം പൊതുവെ ക്രിസ്ത്യാനികളുടെ ബന്ധത്തിലും ജീവിതത്തിലും ആത്മിക ഘടകങ്ങൾ കുറക്കും. ഒരാൾ യേശുവിലാകുമ്പോൾ, അയാൾ ഭൂമിയിലെ ഏറ്റവും നല്ല ആളുകളുമായാണ് കൂട്ടായ്മ ആചരിക്കുന്നത്. അവരുടെ ധാർമ്മിക നിലവാരം വളരെ ഉയർന്നിരിക്കും, അവരുടെ ലക്ഷ്യം (പിതാവിന്റെ ഇഷ്ടം ചെയ്യുക; യോഹന്നാൻ 6:38) ഭൂമിയിൽ മറ്റൊന്നുമായി താരതമ്യം ചെയ്യാവുന്നതല്ല. ഒരാൾ ക്രിസ്തുവിലായിത്തീർന്നാൽ വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിനു പ്രകാശത്തിലുള്ളവരുമായി കൂട്ടായ്മയിലാകുന്നു. പുറത്ത് ഇരുട്ടിലേക്കു തള്ളിക്കളയുവാനിരിക്കുന്നവരുമായി പിന്നെ അയാൾ സമയം ചെലവിടാവുന്നതല്ല (കൊലൊസ്യർ 1:12; മത്തായി 25:30).

എങ്ങനെ ആളുകൾ ക്രിസ്തുവിൽ ആകുന്നു എന്നു രണ്ടു തിരുവെഴുത്തു വാക്യങ്ങൾ പറയുന്നു:

> അല്ല, യേശു ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? (റോമർ 6:3).
>
> ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാത്യർ 3:27).

സ്നാനത്താലാണ് ഒരാൾ ക്രിസ്തുവിനോടു ചേരുന്നതെന്നാണ് ഈ രണ്ടു വേദഭാഗങ്ങളും പറയുന്നത്. ക്രിസ്തുവിനോടു ചേരുവാൻ വരുന്നവർ വാസ്തവത്തിൽ വിശ്വസിച്ചു മാനസ്സാന്തരപ്പെട്ടിട്ടു വേണം, അവസാനം സ്നാനം ഏല്ക്കുവാൻ. പിന്നീടു മറ്റു പല കല്പനകളും വരുന്നുണ്ട്, പക്ഷെ സ്നാനമാണ് ഒരാൾ ക്രിസ്തുവിനു *പുറത്താണോ*, ക്രിസ്തുവിനു *ഉള്ളിലാണോ* എന്നു വേർതിരിക്കുന്നത്.

© 2009 Truth for Today